പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 6457 — 8-11-2016 ൽ മറുപടിക്ക്

## കെൽട്രോണിൽ സാങ്കേതിക തസ്തികകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ** (ബഹു. മുഖ്യമന്ത്രി) |

(എ) കെൽട്രോണിൽ ഇരുപതിലേറെ സാങ്കേതിക തസ്തികകളിലേക്ക് രണ്ടു വർഷം മുമ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(എ) കെൽട്രോണിൽ പതിനൊന്ന് സാങ്കേതിക തസ്തികകളിലേക്ക് രണ്ടു വർഷം മുമ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അവ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | മൊത്തം ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1. | മാനേജർ | 4 |
| 2. | ഡെപ്യൂട്ടി മാനേജർ | 1 |
| 3. | അസിസ്റ്റന്റ് മാനേജർ | 4 |
| 4. | സീനിയർ എഞ്ചിനിയർ | 25 |
| 5. | എഞ്ചിനിയർ | 13 |
| 6. | ഡെപ്യൂട്ടി എഞ്ചിനിയർ | 3 |
| 7 | അസിസ്റ്റന്റ് എഞ്ചിനിയർ | 3 |
| 8 | സീ. ടെക്നിക്കൽ അസിസ്റ്റന്റ് | 6 |
| 9 | ടെക്നിക്കൽ അസിസ്റ്റന്റ് | 12 |
| 10 | സീനിയർ ഓപ്പറേറ്റർ | 5 |
| 11 | ഓപ്പറേറ്റർ | 21 |

| | | | |
|---|---|---|---|
| (ബി) | എത്ര പേർ അപേക്ഷ നൽകിയെന്നും പ്രസ്തുത തസ്തികകളിലേക്കുള്ള എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ; | (ബി) | 3978 പേർ അപേക്ഷ നൽകി. എഴുത്തുപരീക്ഷ ആവശ്യമായവയ്ക്ക് എഴുത്തു പരീക്ഷ നടത്തിയിരുന്നു. ഇന്റർവ്യൂ നടത്തിയിട്ടില്ലാത്തതിനാൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിയമനം നൽകാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ